LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് ദേശീയ നിലവാരമുള്ള കിഡ്നി ചികിത്സയ്ക്കുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയോ, മെഡിക്കൽ ഹബ്ബോ ലഭിക്കുവാൻ സാധ്യതയുണ്ടോ; ഇതു സംബന്ധിച്ച് കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) കൊച്ചിൻ പോർട്ട്ട്രസ്റ്റ് ആശുപത്രി കേന്ദ്ര സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഇതിന്റെ വികസന സാദ്ധ്യതകൾ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

**ആരോഗ്യ ജാഗ്രതാ പദ്ധതി**

167 (3296) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആരോഗ്യ ജാഗ്രതാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ആരോഗ്യ ജാഗ്രതാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന കർമ്മപദ്ധതി തയ്യാറാക്കുക. അതിന് ഓരോ മാസവും ചെയ്യേണ്ടതായ പ്രവർത്തനങ്ങളുടെ കലണ്ടർ തയ്യാറാക്കുക.
2. ഇതര വകുപ്പുകളുടെയും ആർദ്രം മിഷന്റെയും ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും ആരോഗ്യ പ്രവർത്തകരുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ കർമ്മപദ്ധതി നടപ്പിലാക്കുക വഴി വരും വർഷം പകർച്ചവ്യാധികളും അവ മൂലമുള്ള മരണങ്ങളും കുറയ്ക്കുക.
3. വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ ശാക്തീകരിക്കുക.
4. വാർഡുതല ശുചിത്വ സ്ക്വാഡുകൾ രൂപീകരിക്കുക.
5. വാർഡുതലത്തിൽ ശുചിത്വമാപ്പിംഗ് നടത്തുക.

6. വാർഡുതല സൂക്ഷ്മ കർമ്മ പദ്ധതി (മൈക്രോ പ്ലാൻ) തയ്യാറാക്കുക.

7. പഞ്ചായത്ത് തല കർമ്മപദ്ധതി തയ്യാറാക്കുക.

8. കർമ്മപദ്ധതി നടപ്പിലാക്കുക

9. മഴക്കാല പൂർവ്വ ശുചീകരണം നടത്തുക.

10. പകർച്ചവ്യാധി പ്രതിരോധത്തിനുള്ള ക്യാമ്പയിനുകൾ സമയബന്ധിതമായി നടപ്പിലാക്കുക.

11. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ഊർജ്ജിത നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുക.

12. ഹെൽത്തി കേരള പരിശോധനകൾ നടത്തി പൊതുജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക.

13. ബോധവൽക്കരണ ശീലവൽക്കരണ പ്രവർത്തന പരിശീലനം.

14. പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ വിലയിരുത്തി ആവശ്യമായ നടപടി സ്വീകരിക്കുക.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

168 (3297) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക്, ചികിത്സ നടത്തിയ ഇനത്തിൽ എത്ര തുക നൽകാനുണ്ടെന്ന് ആശുപത്രികളുടെ പേരും തുകയും സഹിതം വ്യക്തമാക്കാമോ;

(ബി) ഫണ്ട് ലഭ്യമാകുന്നത് വൈകുന്നു എന്ന കാരണത്താൽ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള പല സ്വകാര്യ ആശുപത്രികളും പദ്ധതിയിൽ നിന്നും പിൻവാങ്ങുന്നതുമൂലം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതിയുമായി സഹകരിക്കുന്ന പ്രധാന സ്വകാര്യ ആശുപത്രികൾ ഏതെല്ലാമാണെന്നും തുടർന്നും പദ്ധതിയിൽ നിലനിർത്തി ചികിത്സ ലഭ്യമാക്കുന്നതിനും ചില പ്രത്യേക ചികിത്സ നടത്തുന്ന സ്വകാര്യ ആശുപത്രികളടക്കം കൂടുതൽ ആശുപത്രികളെ പദ്ധതിയുടെ ഭാഗമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly